Movie Panel Recommendation

രചന

Written By: Anil Unnithan

എൺപതുകളിൽ വിദ്യാർത്ഥികൾ ആയിരുന്നവരോട് മലയാള സിനിമയുടെ സുവർണകാലഘട്ടം ഏതെന്ന് ചോദിച്ചാൽ "ജീവിതം യൗവനതീഷ്ണവും പ്രേമസുരഭിലവും ആയ ആ കാലത്ത്.."എന്ന ബഷീറിയൻ ശൈലി കടമെടുത്ത് അവർ പറയും എൺപതുകളെന്ന്...

അന്താരാഷ്ട്രനിലവാരമുള്ള ചിത്രങ്ങളുമായി അടൂരും അരവിന്ദനും ജോണും ഒരു വശത്ത്, ജനപ്രിയ ചിത്രങ്ങളുമായി പദ്മരാജനും ഭരതനും കെ ജി ജോർജും മോഹനും ഐ വി ശശിയും മറ്റൊരു വശത്ത്.

കൂട്ടത്തിൽ ഒരു പ്രത്യേകത യുള്ള ആളായിരുന്നു മോഹൻ. ശാലിനി എന്റെ കൂട്ടുകാരി, രണ്ട് പെൺകുട്ടികൾ, ഇടവേള, ഇളക്കങ്ങൾ, ആലോലം, വിടപറയും മുൻപേ, തീർത്ഥം, ഇസബെല്ല, രചന... ഇങ്ങനെ ഒരുപിടി നല്ല ചിത്രങ്ങൾ ചെയ്ത ഒരു പ്രതിഭാശാലി. പദ്മരാജനെപ്പോലെ തന്റെ പല ചിത്രങ്ങൾക്കും സ്വയം തിരക്കഥ എഴുതി ചലച്ചിത്രം ഒരുക്കിയ ആൾ. ഓരോന്നും വ്യത്യസ്തമായ സിനിമകൾ. മുൻ ബാങ്ക് ജീവനക്കാരൻ കൂടിയായ ജോൺ പോൾ എന്ന തിരക്കഥാകൃത്തും ഒത്ത് ഏറ്റവും നല്ല കുറേ ചിത്രങ്ങൾ സംവിധാനം ചെയ്ത മോഹന്റെ ഉജ്വലമായ ഒരു ചിത്രമാണ് "രചന".

പേര് സൂചിപ്പിക്കും പോലെ ഒരെഴുത്തുകാരന്റെ ജീവിതപരിസരങ്ങളിൽ ആണ് ഈ കഥ നടക്കുന്നത്. വിരലിൽ എണ്ണാവുന്ന കഥാപാത്രങ്ങൾ.അവരെ അവതരിപ്പിക്കാൻ അന്നത്തെ ഏറ്റവും മികച്ച നടീനടന്മാർ.
ഒരു സയൻസ് വിദ്യാർത്ഥി തന്റെ ഡിസ്സെക്ഷൻ ടേബിളിൽ ഒരു ജീവിയെ കീറിമുറിച്ച് പരിശോധിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുന്ന പോലെ മനുഷ്യമനസ്സുകളെ കീറിമുറിച്ച് വിശകലനം ചെയ്യുന്നവയാണ് ജോൺ പോളിന്റെ മിക്ക തിരക്കഥകളെങ്കിലും അതിന്റെ ഏറ്റവും ഉന്നതമായ സൃഷ്ടിയാണ് രചന. ആന്റണി ഈസ്റ്റ് മാൻ എന്ന ഛായാഗ്രാഹകൻ വരച്ചിട്ട ഒരു കുഞ്ഞ് കഥയെ ഊതി വലുതാക്കി അതിന് നിറങ്ങൾ ചാർത്തി അതിന്റെ മുഴുവൻ സൗന്ദര്യവും കാട്ടിതന്ന് ഒടുവിൽ നിഷ്കരുണം കുത്തിപ്പൊട്ടിക്കുന്ന പോലെയാണ് ജോൺ പോൾ തിരക്കഥയും സംഭാഷണവും ഒരുക്കിയിരിക്കുന്നത്.

ആ വർഷത്തെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിയ സാഹിത്യകാരൻ ശ്രീ പ്രസാദ് എന്ന ശ്രീയെ തേടി പത്രപ്രവർത്തകനായ കറിയാച്ചൻ എന്ന സഖറിയ (ശ്രീയുടെ പഴയ സുഹൃത്താണിദ്ദേഹം)

എത്തുന്നിടത്താണ് കഥ തുടങ്ങുന്നത്. ശ്രീയെ ഇന്റർവ്യൂ ചെയ്യുന്ന ആദ്യത്തെ ആൾ താനാവണം എന്ന ആഗ്രഹം കൂടി കറിയാച്ചന് ഉണ്ടായിരുന്നു. കളിയും ചിരിയുമായി ശ്രീക്കും ശാരദക്കും ഒപ്പം കൂടാനെത്തിയ കറിയാച്ചന് എല്ലാം തകർന്നടിഞ്ഞ് വല്ലാത്ത ഒരവസ്ഥയിൽ കഴിയുന്ന ശ്രീയെയാണ് കാണാൻ കഴിഞ്ഞത്.

"എന്ത് പറ്റി ശ്രീ?" എന്ന ചോദ്യത്തിന് "ചെന്നടിയുവാൻ ഒരു തീരമില്ലാതെ അലയുക തിരയുടെ ഏറ്റവും വലിയ ശാപമായിരിക്കും" എന്നാണ് ശ്രീയുടെ വേദനയോടെ ഉള്ള മറുപടി.

"വന്നുപെടുന്നതെല്ലാം ജീവിതത്തിന്റെ ഒരു ഭാഗമായി കാണണം" എന്ന സഖറിയയുടെ ഉപദേശത്തിന് "വന്നു പെട്ടതല്ല, വരുത്തി വച്ചതാണ്." എന്ന് ശ്രീ പറയുമ്പോൾ അതെന്താണ് എന്നറിയാനുള്ള ഉദ്വേഗം കറിയാച്ചനെപ്പോലെ നമുക്കും ഉണ്ടാകും.

"ജീവിതം നമ്മുടെ താല്പര്യങ്ങൾക്കനുസരിച്ച് ചിറകെട്ടി വിടാൻ കഴിയുന്നതല്ല"എന്ന തിരിച്ചറിവും പരീക്ഷണത്തിനോ, കൗതുകത്തിനോ നീക്കിയ കരുക്കൾ പോരാളിയെപ്പോലെ എഴുത്തുകാരനെതിരെ തിരിഞ്ഞതാണ് തന്റെ കുടുംബത്തെ തകർത്തതെന്ന കുറ്റസമ്മതവും ശ്രീ നടത്തുമ്പോൾ കഥ കേൾക്കാനുള്ള കൗതുകം നമുക്ക് ഏറി വരും.

Bantec India Ltd എന്ന സ്ഥാപനത്തിന്റെ സൂപ്രണ്ട് ശാരദാമ്മയാണ് ശ്രീയുടെ ഭാര്യ, സ്നേഹിച്ചു വിവാഹിതരായവർ, കുട്ടികൾ ആവാത്തത് കൊണ്ട് ഇപ്പോഴും കമിതാക്കളെ പോലെ കഴിയുന്നവർ. ഓഫീസിലെ എല്ലാ വിശേഷങ്ങളും അന്നന്ന് ശ്രീയോട് പറയാതെ ശാരദാമ്മക്ക് ഉറക്കം വരില്ല. ഗോപിയും രാമേട്ടനും തുളസിയും തോമസും ഒക്കെ സഹപ്രവർത്തകർ.

അവിടേക്കാണ് ഒരുനാൾ ഉണ്ണി എന്ന ചെറുപ്പക്കാരൻ എത്തുന്നത്. സൂപ്രണ്ടിന്റെ സാന്നിദ്ധ്യത്തിൽ എം ഡിക്ക് തന്റെ അപ്പോയ്ന്റ്മെന്റ് ഓർഡർ കൈമാറുമ്പോൾ
"Only by hard work you can prove your mettle here, confirmation ഉം നിങ്ങളുടെ future prospects ഉം എല്ലാം പെർഫോമൻസിനെ ആശ്രയിച്ചിരിക്കും" എന്ന് അദ്ദേഹം പറയുമ്പോൾ നിഷ്കളങ്കതയോടെ "I will do my best most sincerely to give you satisfaction" "എന്ന് പറയുന്ന ഉണ്ണി എല്ലാവരിലും ചിരിയുണർത്തും.

അന്നത്തേയും തുടർന്നുള്ള ദിവസങ്ങളിലെയും ഓഫീസ് വിശേഷങ്ങൾ ഭാര്യയിൽ നിന്നും കേട്ട ശ്രീയിൽ വല്ലാത്ത ഒരു കൗതുകം ഉണർന്നു. നിത്യ ജീവിതത്തിൽ കാണുന്ന ഇത്തരം നുറുങ്ങുകളും സൂചനകളുമാണ് ഒരെഴുത്തുകാരന്റെ അസംസ്കൃത വസ്തുക്കൾ എന്ന് തിരിച്ചറിയുന്ന ശ്രീയുടെ മനസ്സിൽ ഒരു കഥാപാത്രം രൂപം കൊള്ളുകയായിരുന്നു.

കഥാപാത്രത്തെ തന്റെ ഇഷ്ടത്തിന് രൂപപ്പെടുത്തിയെടുക്കാൻ ശ്രീ ഭാര്യയെ

പ്രേരിപ്പിക്കുന്നു. ആദ്യമൊക്കെ അത് ഒരു തമാശയായി എടുത്ത ശാരദാമ്മ ഉണ്ണിയോട് ഏറെ അടുപ്പം ഭാവിക്കുന്നു. മറ്റുള്ളവർക്ക് നൽകാത്ത പരിഗണനയും സ്നേഹവും ഉണ്ണിക്ക് നൽകുന്നത് കണ്ട സഹപ്രവർത്തകൻ ഗോപി ഉണ്ണിയുടെ മനസ്സിലേക്ക് വേണ്ടാത്ത ചിന്തകൾ കോരിയിടുന്നു.

എവിടെയോ കഥയുടെ വഴി തെറ്റുന്നുവെന്ന് തോന്നിയപ്പോൾ ശാരദാമ്മ ശ്രീയെ വിലക്കി "ഒരു കാര്യം തമാശയായി തുടങ്ങിയാൽ അങ്ങനെ തന്നെ തുടരണം"എന്ന് ശ്രീ അവരെ അനുനയിപ്പിച്ചു.
"കഥാപാത്രങ്ങളെ ഒരിടം വരെയേ നിയന്ത്രിക്കാൻ പറ്റൂ, പിന്നെ ആടുന്നത് അവരുടെ മനോധർമ്മം അനുസരിച്ചാണ്" എന്നൊക്കെയുള്ള ഭാര്യയുടെ മുന്നറിയിപ്പുകൾ അവഗണിക്കുന്നതായി ഭാവിച്ചെങ്കിലും കഥ കൈ വിട്ടു പോകുന്ന പോലെ ശ്രീക്കും തോന്നി തുടങ്ങിയിരുന്നു.

വികാരവിക്ഷോഭങ്ങൾ നിറഞ്ഞ രംഗങ്ങൾ വായനക്കാർ നേരിട്ട് അറിയട്ടെ എന്ന സ്വകാര്യകൗതുകം ആണ് ഇപ്പോൾ ഉള്ളിലുള്ളത്.

കരുക്കൾ നീക്കാനുള്ള ധൃതിയിൽ കളം മാഞ്ഞുപോകുന്നതറിയാതെ ശ്രീ കളി തുടരുമ്പോൾ ശ്രീക്ക് മുന്നിൽ മനുഷ്യരില്ല, കഥാപാത്രങ്ങൾ മാത്രം. അറിയാതെ ഉണ്ണിയുടെ സ്നേഹത്തിനടിപ്പെട്ടു പോകുന്ന, സ്വന്തം ഭർത്താവിനൊപ്പം മറ്റൊരാളിന്റെ മുഖം കൂടി മനസ്സിൽ തെളിയുമ്പോൾ നിസ്സഹായ ആയി നിൽക്കേണ്ടി വരുന്ന അവസ്ഥ ഭർത്താവിനോട് തന്നെ ഏറ്റുപറഞ്ഞു ശാരദ വിങ്ങിപ്പൊട്ടുമ്പോൾ പ്രേക്ഷകന്റെ മനസ്സും കരയാതിരിക്കില്ല.

"ചലനം കാത്ത് കിടക്കുന്ന ഒരു ജലവിതാനം പോലെയാണ് ഞാൻ ചുറ്റുപാടുകളെ കാണുന്നത്, പ്രകൃതി തരുന്ന ഒരു മഴതുള്ളി മതി ഓളങ്ങളുണ്ടാക്കാൻ, അല്ലെങ്കിൽ കൗതുകത്തിനെറിയുന്ന ഒരു ചെറിയ കല്ല്. ഓളങ്ങളുടെ ആ ചാഞ്ചാട്ടം എന്നും എന്റെ കൗതുകങ്ങൾ ആയിരുന്നു. എല്ലാം ഒരു പരീക്ഷണമായിരുന്നു" എന്ന് തകർന്ന മനസ്സോടെ ശ്രീ പറയുന്നിടത്ത് അവസാനിക്കുന്ന ഈ സിനിമ വല്ലാത്ത വികാരവിക്ഷോഭങ്ങളാണ് നമ്മിൽ ഉണ്ടാക്കുക.

"മനസ്സിന്റെ ചിമിഴിൽ കാലം ഊതിപ്പെരുപ്പിച്ച കനൽക്കട്ടകൾ മുള്ളാണിയിൽ പിടയുന്ന മനസ്സുമായി വാക്കുകൾ കോറിയിടുമ്പോൾ ഞാനറിയുന്നു, വാക്കുകൾ എത്ര ദുർബലം"എന്ന് അവതാരികയിൽ ശ്രീ എഴുതിയ വാക്കുകളോടെയാണ് രചനയുടെ ടൈറ്റിലുകൾ തെളിയുന്നത്.

തുഷാര ഫിലിംസിന്റെ ബാനറിൽ ശിവൻ കുന്നമ്പിള്ളി ആണ് ഈ സിനിമയുടെ നിർമാണം. മുല്ലനേഴിയുടെ വരികൾക്ക് എം ബി ശ്രീനിവാസന്റെ സംഗീതം. അദ്ദേഹം തന്നെ നിർവഹിച്ച പശ്ചാത്തല സംഗീതം ഈ ചിത്രത്തിന്റെ ഏറ്റവും വലിയ കരുത്താണ്. വസന്ത് കുമാർ ഛായയും ദേവദാസ് ശബ്ദമിശ്രണവും നിർവഹിച്ചു.

ശ്രീ എന്ന കഥാപാത്രത്തെ ഉജ്ജ്വലമായി അവതരിപ്പിച്ച ഭരത് ഗോപിയും ശാരദമ്മയായി ശ്രീവിദ്യയും ഉണ്ണിയായി നെടുമുടി വേണുവും അഭിനയത്തിന്റെ മാസ്മരിക പ്രകടനങ്ങളിലൂടെ അന്യോന്യം മത്സരിക്കുന്നത്, ഉള്ളിൽ തീർക്കുന്ന തിരയിളക്കം വിവരണാതീതമാണ്. ഗോപിയും ശ്രീവിദ്യയും ആ വർഷം ഏറ്റവും നല്ല നടനും നടിക്കും ഉള്ള സംസ്ഥാനഫിലിം അവാർഡ് വാങ്ങിയത് അതിന്റെ തെളിവാണ്.

ഉണ്ണിയുടെ സുഹൃത്തായ ഗോപിയായി മമ്മൂട്ടിയും പ്യൂൺ തോമസായി ജഗതിയും ടൈപ്പിസ്റ്റ് തുളസിയായി പൂർണിമാജയറാമും തങ്ങളുടെ കഥാപാത്രങ്ങളെ കയ്യടക്കത്തോടെ അവതരിപ്പിക്കുമ്പോൾ ചെറിയ ഒരു റോളിൽ ആണെങ്കിൽ കൂടി വിജയ് മേനോൻ തുളസിയുടെ ഭർത്താവായി നമ്മുടെ മനസ്സിനെ നോവിക്കുന്നു.
അപ്പോൾ നാമറിയുന്നത് താരങ്ങളെ തെരഞ്ഞെടുക്കുന്നതിലെ സംവിധായകന്റെ ശ്രദ്ധയാണ്. 23 ചിത്രങ്ങൾ സംവിധാനം ചെയ്ത മോഹനെ അന്ന് അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ച നടീനടന്മാർ ഇന്നും പേടിയോടെയോ, ബഹുമാനത്തോടെയോ സൂചിപ്പിക്കുന്നത് ഒരു സ്കൂൾ മാസ്റ്ററെപോലെയുള്ള അദ്ദേഹത്തിന്റെ കാർക്കശ്യത്തെയാണ്. തന്റെ ആദ്യചിത്രങ്ങളിൽ പലതിലും സുകുമാരൻ ആയിരുന്നു നായകനെങ്കിൽ പിന്നീട് പലതിലും നെടുമുടി ആയിരുന്നു. നടന്മാരേക്കാൾ കഥാപാത്രങ്ങളെ ഇഷ്ടപ്പെട്ടിരുന്ന മോഹൻ കഥാപാത്രങ്ങൾക്കിണങ്ങുന്ന നടന്മാരെ തെരഞ്ഞെടുക്കുന്നതിൽ ശ്രദ്ധാലുവയിരുന്നു.
തന്റെ രണ്ട് പെൺകുട്ടികൾ എന്ന ചിത്രത്തിൽ നായികയായി വന്ന അനുപമയെയാണ് പിന്നീട് അദ്ദേഹം ജീവിതത്തിലേക്ക് കൂട്ടിയത്.

ചിരിക്കാനും ആസ്വദിക്കാനും ഉള്ള അനേകം മുഹൂർത്തങ്ങൾ സമ്മാനിക്കുന്ന ആദ്യ പകുതിയിൽ നിന്നും മനസ്സ് പുകയുന്ന രണ്ടാം പകുതിയിലേക്ക് നാം എടുത്തെറിയപ്പെടുന്ന, കണ്ട കാലം മുതൽ ഓർക്കുമ്പോൾ ഒരു നോവായി മനസ്സിൽ പടരുന്ന ഈ ചിത്രം യു ട്യൂബിൽ ലഭ്യമാണ്.